LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തുകൾക്ക് നൽകിയ തുക

87 [906] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-01 സാമ്പത്തിക വർഷത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്, ജലസ്രോതസ്സുകളുടെ അറ്റകുറ്റപ്പണികൾക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ എത്ര പഞ്ചായത്തുകൾക്ക് എന്ത് തുക വീതം ഫണ്ട് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിനായി ഓരോ ഗ്രാമപഞ്ചായത്തും പഞ്ചായത്തു ഫണ്ടിൽ നിന്നും ചെലവാക്കിയ തുകയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കാൻ വൈകിയതുമൂലം ഗ്രാമപഞ്ചായത്തുകൾ 5000 രൂപയിൽ കവിയാത്ത വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്തു നടത്തിയിട്ടുള്ളത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) 2000-01 സാമ്പത്തിക വർഷം വരൾച്ച നേരിടുന്നതിന് ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവാക്കിയത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റുതല പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

നഗരസഭകളോട് ചേർത്ത പഞ്ചായത്തുകളെ വീണ്ടും പഞ്ചായത്തുകളാക്കാൻ നടപടി

88 [907] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, നഗരസഭകളോട് ചേർത്ത പഞ്ചായത്തുകളെ വീണ്ടും പഞ്ചായത്തുകളാക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവസാന തീരുമാനമെടുത്തിട്ടില്ല.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ മാറ്റങ്ങൾ വരുത്താൻ പാടുള്ളതല്ല. ഈ വിഷയത്തിൽ ഗവൺമെന്റ് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.